# പരാതി സംബന്ധിച്ച റിപ്പോർട്ട്

ശ്രീ ജോസ് പോൾ പാട്ടത്തിൽ വീട്ടിൽ ഇലഞ്ഞി പി ഓ എന്നയാൾ അറക്കുളം ഗ്രാമപഞ്ചായത്തിൽ കുത്തനെ ചെരിവുള്ള സ്ഥലത്ത് , പാറയുടെ മുകളിൽ നടത്തിയിട്ടുള്ള നിർമ്മാണമായതിനാലും ഉരുൾപൊട്ടൽ സാധ്യതയുള്ള പ്രദേശമായതിനാലും ടി കെട്ടിടത്തിന്റെ താഴ്ഭാഗത്ത് സ്ഥിതി ചെയ്യുന്ന കെട്ടിടത്തിൽ താമസിക്കുന്നവരുടെ സുരക്ഷയെ ടി നിർമ്മാണം പ്രതികൂലമായി ബാധിക്കുമെന്നും, കൂടാതെ പാറയുടെ ഒരുഭാഗത്ത് 3 മീറ്ററോളം ഉയരത്തിൽ മൺതിട്ട നില നിൽക്കുന്നതിനാലും ടി കെട്ടിടത്തിന്റെ നിർമ്മാണം സുരക്ഷിതമല്ലെന്ന് കണ്ടെത്തിയിരുന്നു. ജോയിന്റ് ഡയറക്ട്റുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ പ്രസ്തുത നിർമ്മാണം സുരക്ഷിതമാണോയെന്ന് പരിശോധിച്ച് വിലയിരുത്തുന്നതിന് ജിയോളജിസ്റ്റ്, സോയിൽ കൺസർവേഷൻ വകുപ്പ്, പൊതുമരാമത്ത് കെട്ടിട വിഭാഗം, ഹസാർഡ് അനലിസ്റ്റ്, തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ എന്നിവരടങ്ങുന്ന ഒരു സംയുക്ത പരിശോധനാ ടീമിനെ ചുമതലപ്പെടുത്തിയിരുന്നു.

പ്രസ്തുത സംയുക്ത പരിശോധനാ ടീമിന്റെ റിപ്പോർട്ട് പ്രകാരം കെട്ടിടം ഏകദേശം 45 ഡിഗ്രി ചെരിവുള്ള മലഞ്ചെരുവിലാണെന്നും, ഇത് സ്വാഭാവിക സ്ഥിരതയില്ലാത്ത ഒരു ഭൂപ്രകൃതിയെ സൂചിപ്പിക്കുന്നതായും അതീവ ചെരിവുള്ളതിനാൽ ശക്തമായ മഴയിൽ ഉപരിതല മണ്ണൊലിപ്പ് കൂടുകയും, സ്ഥലത്തിന്റെ ആകമാനമുള്ള സ്ഥിരതയെ ബാധിക്കുകയും ചെയ്യുമെന്നും, പാറക്കെട്ടിലെ വിള്ളലുകളിലോ മണ്ണിലോ വെള്ളമിറങ്ങുന്നത് മണ്ണിന്റെയും പാറയുടെയും ഭദ്രത കുറക്കുകയും, ചെരിവ് ഇടിയുന്നതിന് കാരണമാകുകയും താഴ്ഭാഗത്ത് നിലകൊള്ളുന്ന കെട്ടിടങ്ങൾക്ക് അപകട ഭീഷണി ഉണ്ടെന്നും ആയതിനാൽ ഏതെങ്കിലും ഒരു ഐ.ഐ.ടി യുടെ വിദഗ്ധ ടീമിനെക്കൊണ്ടോ സ്ട്രക്ചറൽ എഞ്ചിനീയറിംഗ് വൈദഗ്ധ്യം ഉള്ളവരെക്കൊണ്ടോ പരിശോധിച്ച് തീരുമാനം എടുക്കേണ്ടതുണ്ടെന്ന് റിപ്പോർട്ട് ചെയ്തു. ആയതിനാൽ സംയുക്ത പരിശോധനാ ടീമിന്റെ സംയുക്ത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ടി വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനായി, ടി സ്ഥലത്തെ കെട്ടിട നിർമ്മാണം സുരക്ഷിതമാണോയെന്ന് വിശദമായ പരിശോധനാ റിപ്പോർട്ട് പാലക്കാട് ഐ.ഐ.ടി മുഖേന അപേക്ഷകൻ ലഭ്യമാക്കേണ്ടതാണെന്നും ടി പരിശോധനയ്ക്കു ആവശ്യമായ ചിലവുകൾ അപേക്ഷകന്റെ ഉത്തരവാദിത്വത്തിൽ നിർവ്വഹിക്കേണ്ടതാണെന്നും 28/06/2025 ജില്ലാ കളക്ടർ ഇടുക്കി ശ്രീ ജോസ് പോളിനെ അറിയിച്ചിട്ടുണ്ട് .

**അദാലത്ത് സമിതി തീരുമാനം**

28/06/2025ലെ ബഹു ജില്ലാ കളക്ടർ ഇടുക്കിയുടെ DCIDK/892/2025-E10 കത്തിന്റെ അടിസ്ഥാനത്തിൽ, ശ്രീ ജോസിന്റെ അപേക്ഷയിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനായി, ടി സ്ഥലത്തെ കെട്ടിട നിർമ്മാണം സുരക്ഷിതമാണോയെന്ന് വിശദമായ പരിശോധനാ റിപ്പോർട്ട് പാലക്കാട് ഐ.ഐ.ടി മുഖേന അപേക്ഷകൻ ലഭ്യമാക്കേണ്ടതാണെന്നും ടി പരിശോധനയ്ക്ക് ആവശ്യമായ ചിലവുകൾ അപേക്ഷകന്റെ ഉത്തരവാദിത്വത്തിൽ നിർവ്വഹിക്കേണ്ടതാണെന്നും ഇടുക്കി ജില്ലാ കളക്ടർ ശ്രീ ജോസ് പോളിനെ അറിയിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ സിറ്റിസൺ അദാലത്ത് ശ്രീ ജോസിന്റെ അപേക്ഷ പരിഗണിക്കേണ്ടതില്ലന്നു തീരുമാനിച്ചു അപേക്ഷ തീർപ്പാക്കുന്നു.

ABDULSAMAD P.M.
PEN - 578457
Assistant Director
(Internal Vigilance Officer)
O/o. The District Joint Director
LSGD, Idukki, Kuyilimala-685603